**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 218** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>ശസ്ത്രക്രിയ ഉപകരണങ്ങളുടെ ലഭ്യതക്കുറവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ കമ്പനികൾക്ക് നൽകുവാനുള്ള കുടിശ്ശിക എത്രയാണ്; വിശദാംശം നൽകാമോ;

**<u>മറുപടി:</u> മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽനിന്ന് 99,40,80,002/- രൂപയും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ നിന്ന് 39,96,13,039/- രൂപയും കുടിശ്ശിക ഉണ്ട്. ടി തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ടവർക്ക് നൽകിവരുന്നുണ്ട്.**

**(ബി)** കുടിശ്ശിക തുക നൽകാത്തത് മൂലം വിതരണക്കാർ ഉപകരണങ്ങൾ നൽകാതിരിക്കുന്ന സ്ഥിതി സംജാതമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u> ഇല്ല.**

**(സി)** ശസ്ത്രക്രിയ ഉപകരണങ്ങളുടെ അഭാവം മൂലം മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ശസ്ത്രക്രിയകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u> ഇല്ല.**

**സെക്ഷൻ ഓഫീസർ**